

പ്രളയാനന്തരം
ഡിജിറ്റൽ മാഗസിൻ
പാലിയം ഗവ. ഹയർ സെക്കൻഡറി സ്കൂൾ
ചേന്ദമംഗലം

# എഡിറ്റോറിയൽ

നൂറ്റാണ്ടു കണ്ട മഹാപ്രളയം............ അതിന്റെ നോവുകൾ ഇനിയും മാഞ്ഞിട്ടില്ല........... എങ്കിലും നാളേയ്ക്കു വേണ്ടി നമുക്ക് ഉണരാതെ വയ്യ......... സുമനസുകളുടെ കൈത്താങ്ങാൽ ഉണർന്ന് നാം സ്വയം കരുത്ത് നേടിയിരിക്കുന്നു........ മാനവികതയുടെ പുതിയ പാഠങ്ങൾ എഴുതിച്ചേർത്ത ഈ പ്രളയകാലവും നമ്മോട് ചിലതെല്ലാം പറയുന്നില്ലേ. കുരുന്നുകളുടെ സർഗ്ഗാത്മകതയ്ക്ക് അനുഭവങ്ങളുടെ തീക്ഷ്ണത കൂടിയായപ്പോൾ പറയാനുള്ളതെല്ലാം വീണ്ടും താളുകളിലേയ്ക്ക്  വാർന്നു വീഴുന്നു. അതിന് ഇക്കുറി ഒരു പുതുമയുണ്ട്;കൈയ്യെഴുത്തു മാഗസിൻ, ഡിജിറ്റൽ മാഗസിനായി രൂപപ്പെട്ടിരിക്കുന്നു. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സും ഐ ടി ക്ലബ്ബും വിദ്യാരംഗം വേദിയും ചേർന്ന് അവതരിപ്പിക്കുന്നു.................

# "പ്രളയാനന്തരം"

## ആശംസ

ലോകം ഗ്രാമമായി ചുരുങ്ങുന്ന ഈ സൈബർ യുഗത്തിൽ ഇ-വായനയുടെ പ്രാധാന്യം ഏറെ വർദ്ധിച്ചിരിക്കുന്നു വിദ്യാഭ്യാസം നൂതനവും ഏറെ ആകർഷണീയവുമായി മാറ്റാൻ സാങ്കേതികവിദ്യയ്ക്ക് കഴിയുന്നു. കുട്ടികളിലെ ശാസ്ത്രാഭിരുചിയും കലാബോധവും ഇഴചേർന്ന് പാലിയം ഗവ: ഹയർസെക്കണ്ടറി സ്കൂളിലെ ഭാവിപ്രതിഭകൾ അവതരിപ്പിക്കുന്ന "പ്രളയാനന്തരം" എന്ന ഡിജിറ്റൽ മാഗസിനിലൂടെ അറിവിന്റെ അനുഭവങ്ങളുടെ നവചിന്തകളുടെ ഒരു തിരിനാളം കൂടി തെളിയുകയാണ്. വായനക്കാർക്ക് ഇത് ഒരു പുത്തൻ ഉണർവ്വാകട്ടെ എന്ന് ആശംസിക്കുന്നു.

Joshy K. J.
Headmaster
Paliyam Govt. HSS
Chendamangalam
N. Paravur, Ekm. - 683 512

ഹെഡ്മാസ്റ്റർ
കെ.ജെ ജോഷി
പാലിയം ഗവ: ഹയർസെക്കണ്ടറി
സ്കൂൾ, ചേന്ദമംഗലം

PALIYAM G.H.S.S (U.P. & H.S. SECTION)
CHENDAMANGALAM

# ആശംസകൾ

പാലിയം ഗവ. ഹയർ സെക്കണ്ടറി സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ സർഗാത്മക ശേഷികളെ ഡിജിറ്റൽ താളുകളിലൂടെ പുറത്തിറക്കുന്നതിൽ സന്തോഷം ഉണ്ട്. ഇനിയും അവരുടെ കഴിവുകൾ വികസിപ്പിക്കട്ടെ എന്നാശംസിക്കുന്നു.

വൽസ ടീച്ചർ
സീനിയർ അസിസ്റ്റന്റ്

പഠനത്തിന്റെ ചൂടിലും വിശ്രമവേളകൾ ഉപകാരപ്രദമാക്കി ഹൈടെക്ക് യുഗത്തിലേക്ക് കാലെടുത്തു വയ്ക്കുന്ന ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ അവരുടെ ക സർഗാത്മക രചനകൾ ഡിജിറ്റൽ രൂപത്തിൽ പുറത്തിറക്കുന്നു എന്നതിൽ സന്തോഷം. ഇനിയും ഉയരങ്ങളിലേക്ക് എത്താൻ ദൈവാനുഗ്രഹങ്ങൾ ഉണ്ടാകട്ടെ!

അധ്യാപകർ

# ആശംസ

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്രസാങ്കേതിക രംഗം വിദ്യാഭ്യാസരംഗത്തേയും സമൂലമായ പരിവർത്തനത്തിന് വിധേയമാക്കുന്നു. ഗുരുമുഖത്തു നിന്നും കേട്ടു മാത്രം പഠിച്ച ആദിമ വിദ്യാർത്ഥികളിൽ നിന്ന് സാങ്കേതിക വിദ്യയുടെ സഹായത്തോടെ കണ്ടും കേട്ടും അനുഭവിച്ചും ആസ്വദിച്ചും പഠിക്കുന്ന ആധുനിക വിദ്യാർത്ഥി ബഹുദൂരം മുന്നിലാണ്. ശാസ്ത്രസാങ്കേതിക ജ്ഞാനത്തോടൊപ്പം അവനിലെ സർഗ്ഗാത്മകതയെയും സൗന്ദര്യബോധത്തെയും, കലകളിലൂടെയും സാഹിത്യത്തിലൂടെയും പരിപോഷിപ്പിച്ച് അടിയുറച്ച ജീവിതമൂല്യങ്ങളും മാനവികതയും സാമൂഹിക കാഴ്ചപ്പാടുമുള്ള പുത്തൻ തലമുറയെ വാർത്തെടുക്കുമ്പോൾ വിദ്യാഭ്യാസം ലക്ഷ്യപ്രാപ്തിയിലെത്തുന്നു. പാലിയം ഗവ. ഹയർ സെക്കന്ററി സ്ക്കൂളും ഗുണപരമായ ഇത്തരം മാറ്റങ്ങൾക്ക് ശ്രമിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. അത്തരം പ്രവർത്തനങ്ങളുടെ ഭാഗമായ "പ്രളയാനന്തരം" എന്ന ഡിജിറ്റൽ മാഗസിനും അതിന്റെ പിന്നണി പ്രവർത്തകർക്കും നന്മനിറഞ്ഞ ആശംസകൾ നേരുന്നു......

ആവില ടീച്ചർ
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

# പിന്നണിയിൽ

ഇന്ദുചൂഡൻ (കവർ പേജ്)
അൽഫിൻ
നവതേജ്
അക്ഷയ് കുമാർ
ഹെമി മരിയ
ഗോപിക
നന്ദന
അഭിരാമി
ദീപിക
വിവേക്
സാനിയ
മേഘ കെ ദിലീപ്
അർജ്ജുൻ

## ഉപദേശക സമിതി

കെ ജെ ജോഷി (ഹെഡ് മാസ്റ്റർ)
ബെനഡിക്റ്റ ആവില ടീച്ചർ
രശ്മി ടീച്ചർ
സുജ ടീച്ചർ
സുബേറ ടീച്ചർ
കവിത ടീച്ചർ
ലക്ഷ്മി ടീച്ചർ

## ഇതളുകൾ വിരിയുമ്പോൾ


എൻ കേരളം
പുതിയ പാതയിൽ
പ്രളയത്തെ നേരിട്ട കേരളം
അതിജീവനത്തിന്റെ പ്രളയപാഠം
കടംകഥകൾ
സുഗന്ധറാണി
പ്രത്യാശയോടെ പ്രാർത്ഥിക്കാം
ശ്രമിക്കുന്നവർക്ക് പരാജയംഉണ്ടാകില്ല
മഹത് വചനങ്ങൾ
തുലിക
പ്രളയാനന്തരത്തിന്റെ ചില ദൃശ്യങ്ങൾ
ചിത്രരചനകൾ
ചിത്രകഥ

# എൻ കേരളം

ഞാൻ ജനിച്ചൊരു നാടാണേ
ദൈവത്തിന്റെ നാടാണേ
നന്മകൾ നിറഞ്ഞ നാടാണേ
കേരവൃക്ഷത്തിൻ നാടാണേ
പച്ചപ്പ് നിറഞ്ഞൊരു നാടാണേ
കുന്നുകളുള്ളൊരു നാടാണേ
മലയാളത്തിൻ നാടാണേ
എന്നുടെ സ്വന്തം നാടാണേ
സുന്ദരമായൊരു നാടാണേ

നന്ദന എൻ.ജെ
Std: 5

# പുതിയ പാതയിൽ

**കേ**രളം സമൃദ്ധിയുടേയും, വ്യത്യസ്തമായ കലാരൂപങ്ങളുടേയും,അതിലുപരി ഒത്തൊരുമയുടേയും നാടാണ്. ദൈവത്തിന്റെ സ്വന്തം നാടാണ്. ജാതി മത ലിംഗ ഭേദമില്ലാതെ എല്ലാവരും അന്യോന്യം സഹകരിച്ച് ജീവിക്കുന്ന നാടായി സ്വാതന്ത്ര്യസമരത്തിനു ശേഷം മാറിയിരുന്നു കേരളം. ഭ്രാന്താലയമായ കേരളം ഒരു പൂന്തോട്ടം തന്നെയായി മാറിയിരുന്നു. എന്നാൽ കുറേ കാലങ്ങളായി ആ ഒത്തൊരുമയും, ബന്ധങ്ങളുടെ ഇടയിലുള്ള സ്നേഹവും ആത്മാർത്ഥയുമെല്ലാം നഷ്ടപ്പെട്ടു പോയിരുന്നു. വീട്ടിലുള്ളവർ തമ്മിൽ പോലും സ്നേഹത്തിന് കോട്ടം വന്നിരുന്നു. എല്ലാവരും മാധ്യമങ്ങളുടെ പുറകെ പോയി. മറ്റുള്ളവരെ സ്നേഹിക്കാനോ, സഹായിക്കാനോ ഉള്ള മനുഷ്യരുടെ മനസ്സ് എങ്ങോ മറഞ്ഞിരിക്കുന്നു. പണ്ടൊക്കെ ഒരാൾ വെള്ളത്തിൽ വീണ് മരണവെപ്രാളത്തിലാണെങ്കിൽ എല്ലാവരും അയാളെ രക്ഷിക്കാൻ ഒരുങ്ങുമായിരുന്നു. എന്നാൽ ഇന്ന് ആ സാഹചര്യത്തിൽ അയാളുടെ നിസ്സഹായാവസ്ഥ ക്യാമറയിൽ പകർത്തി വാട്സപ്പും ഫെസ്ബുക്കും വഴി ഷെയർ ചെയ്യാനൊരുങ്ങും. അത്രയ്കും നിസ്സഹയമായി കേരളത്തിന്റെ അവസ്ഥ.

എന്നാൽ ഇതിനെല്ലാം അറുതി വരുത്തി പ്രളയം വന്നു. പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ, ക്രിസ്ത്യാനിയെന്നോ, മുസ്ലീമെന്നോ, ഹിന്ദുവെന്നോ, പുരുഷനെന്നോ, സ്ത്രീയെന്നോ വേർതിരിവില്ലാതെ പ്രളയം അവരുടെ സമ്പാദ്യമെല്ലാം വിഴുങ്ങി. ഒരുപാട് നഷ്ടങ്ങൾ കേരള ജനതയ്കുണ്ടായി.

എന്നാൽ നഷ്ടങ്ങളുടേയെല്ലാം വിടവ് പൂർത്തീകരിക്കാൻ, വലിയ ലാഭമായി, നഷ്ടപെട്ടു പോയ ഒരുമ തിരിച്ചു കിട്ടി. ജാതി മത ലിംഗ ഭേദമില്ലാതെ പ്രളയം വന്നപ്പോൾ അന്യോന്യം സഹായിച്ചു. സമൂഹം പല കാരണങ്ങളാൽ അവഗണിച്ച ഒരുപാട് വ്യക്തികളുടെ സഹായം കൊണ്ട് രക്ഷപ്പെടുമ്പോൾ

എല്ലാവർക്കും ജീവിതത്തിൽ ഒരു പാഠം പഠിക്കാനായി. ഒത്തൊരുമിച്ചാൽ ആർക്കും തോൽപ്പിക്കാനാവില്ല. ഒത്തുപിടിച്ചാൽ മലയും പോരും.

എല്ലാവരുടേയും മനസ്സിൽ ഉറങ്ങിക്കിടന്ന നന്മയുടെ പുതുനാമ്പ് പൊട്ടിമുളച്ചത് കൊണ്ടാണ് നമുക്ക് പ്രളയത്തിൽ തളരാതെ പിടിച്ചു നില്ക്കാൻ കഴിഞ്ഞത്. അന്യോന്യം താങ്ങായി നില്ക്കാൻ കഴിഞ്ഞത്. പ്രളയത്തിനു ശേഷം ഒരു പാട് പേരുടെ സഹായം കൊണ്ട് എല്ലാവരും അവരുടെ നഷ്ടങ്ങൾ നികത്തി.

പക്ഷെ പ്രളയത്തിലുണ്ടായ നഷ്ടങ്ങെകുറിച്ചോർത്ത് വിലപിക്കാതെ തിരിച്ച് കിട്ടിയ ഏറ്റവും വലിയ ഒരുമയെ കുറിച്ചോർത്ത് സമാധാനിക്കുകയാണ് വേണ്ടത്.

ഈ ഒരുമയെ കാത്തു സൂക്ഷിക്കുന്ന വിവേകികളായി വർത്തിക്കാം. അനേകം സ്വാതന്ത്ര്യസമര സേനാനികളുടേയും മഹാന്മാരുടേയും കർമ്മത്തിന്റെ ഫലമായി ലഭിച്ചതാണ് ഈ സ്വാതന്ത്ര്യവും തുല്യതയുമെല്ലാം എന്നോർക്കുക. ഒത്തൊരുമ നിലനിർത്താൻ ഇനി ഒരു പ്രളയത്തിന്റെ ആവശ്യകത ഇല്ലാതിരിക്കട്ടെ...............................

ഗോപിക

പി ജി എച്ച് എസ് എസ്

ചേന്ദമംഗലം

# പ്രളയത്തെ നേരിട്ട ജനങ്ങൾ

ഡാമുകൾ തുറന്നു മഴയും പെയ്തു
എല്ലാ വീട്ടിലും വെള്ളം കയറി
കുറച്ച് വീടുകൾ തകർന്നു പോയി
ക്യാമ്പുകളെല്ലാം തിങ്ങി നിറഞ്ഞു
ടറസ്സിൻ മുകളിൽ കയറി നിന്ന്
ഹെലികോപ്ടറിനെ വിളിക്കുകയായി
ജനങ്ങളുടെ വിശപ്പ് മാറ്റാൻ
ഉടനെ തന്നെ ഭക്ഷണമെത്തി
ശക്തിയായ കാറ്റും മഴയും
കഴുത്തിനൊപ്പം വെള്ളം പൊങ്ങി
കേരളമാകെ മുങ്ങി പോയി
അതിലൂടെ ജനങ്ങൾ നടന്നു
മരണം നേരെ കണ്ട ജനങ്ങൾ
നമ്മൾ മരണം നേരെ കണ്ടവർ
നമ്മൾ മരണം നേരെ കണ്ടവർ

നന്ദന എൻ.ജെ
Std: 5

# മഹത് വചനങ്ങൾ

അഹിംസയാണ് എന്റെ മതം .സത്യമാണ് എന്റെ സമരയുധം- ഗാന്ധിജി

സത്യാഗ്രഹം ബലവാന്മാരുടെ ഉപകരണമാണ് -ഗാന്ധിജി

ഉണരുക, ലക്ഷ്യം നേടുന്നതുവരെ പ്രയത്നിക്കുക -വിവേകാനന്ദൻ

ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് -ശ്രീനാരായണഗുരു

തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കുക -യേശുക്രിസ്തു

എവിടെ മനസ് ഭയരഹിതമാകുന്നുവോ അവിടെ ശിരസ്സ് ഉന്നതമാകും -ടാഗോർ

# അതിജീവനത്തിന്റെ പ്രളയപാഠം

അപ്പു രാവിലെ ഉണർന്ന് നോക്കിയപ്പോൾ അമ്മയുടേയും അച്ഛന്റേയും മുഖത്ത് വല്ലാത്ത ഒരു പരിഭ്രാന്തി. വീട്ടിൽ മുട്ടോളം വെള്ളം കയറിയിരിക്കുന്നു. എന്തു ചെയ്യും? അടുത്തുള്ളവരെല്ലാം നേരത്തെതന്നെ ബന്ധുവീടുകളിലേക്ക് പോയിരുന്നു. അപ്പുവിന് പറയത്തക്ക ബന്ധുക്കളാരുമില്ല. ഉള്ള ധൈര്യം സംഭരിച്ച് അപ്പുവും അച്ഛനമ്മമാരും പ്രായമായ മുത്തശ്ശിയേയും കൂട്ടി വെള്ളത്തിലേക്കിങ്ങി. കുറച്ചു ദൂരം കടന്നപ്പോൾ അവന് കൈകാലുകൾ തളരുന്നതു പോലെ തോന്നി. ഉണർന്നശേഷം ഒരു തുള്ളി വെള്ളം കുടിച്ചിട്ടില്ല. മുത്തശ്ശിയാണെങ്കിൽ എനിക്കൊന്ന് വീട്ടിൽ കിടന്ന് മരിച്ചാൽ മതിയായിരുന്നു എന്നു പറഞ്ഞ് ബഹളം കൂട്ടുന്നു.

അപ്പോളതാ വരുന്നു ഇതുവരെ ഫ്രീക്കന്മാരെന്നും തല്ലു കൊള്ളികളെന്നും പറഞ്ഞ് കളിയാക്കിയ കുറെ ചേട്ടന്മാർ, അവർ ഞങ്ങളെ ആ പൊട്ടകുണ്ടിൽ നിന്ന് വളരെ ബുദ്ധിമുട്ടി മെയിൻ റോഡിലെത്തിച്ചു. അവരോട് നന്ദി പറഞ്ഞ് ഞങ്ങൾ നീന്താൻ തുടങ്ങി. കാരണമെന്തെന്നറിയില്ല വഴിയിൽ വെച്ച് അമ്മയ്ക്കൊരു തലക്കറക്കം പോലെ. പേടിച്ചിട്ടാവാം. അവിടെ തടിച്ചു കൂടി നിന്ന കുറെ പേർ വന്ന് അമ്മയെ ഒരു കടയുടെ മുകളിൽ കയറ്റി. രക്ഷാപ്രവർത്തകരാരെങ്കിലും വരുമെന്ന പ്രതീക്ഷയിൽ ഒരു മണിക്കൂർ അവിടെ നിന്നു. എന്നാലാരും വന്നില്ല. ഇവിടേയ്ക്കെത്തുന്നതിന് മുമ്പുള്ള വഴിയിൽ കുടുങ്ങിയവരെ രക്ഷിക്കുകയായിരുന്നു അവർ. വെള്ളം കൂടിവരുന്നു. ഒടുവിൽ അവിടെ ഉള്ളവരെല്ലാം കൈപ്പിടിച്ച് ഒരു ചങ്ങലപോലെ നീങ്ങാൻ തീരുമാനിച്ചു. കുറേനീങ്ങിയപ്പോൾ അതാ ഒരു വഞ്ചി. ഓഖി ദുരന്തത്തിൽ പെട്ടപ്പോൾ നാമെല്ലാം അവഗണിച്ച ഒരു കൂട്ടം മത്സ്യത്തൊഴിലാളികൾ ആയിരുന്നു അവർ. അവർ എല്ലാവരേയും വഞ്ചിയിൽ കയറ്റി വെള്ളം കയറാത്ത രക്ഷപ്രവർത്തകരുടെ ബസ്സുകൾ കിടക്കുന്നിടത്ത് എത്തിച്ചു. ആ ബസ്സുകൾ ഞങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു.

അന്നു രാത്രി ക്യാമ്പിന്റെ ഒരു മൂലയിൽ ഉറങ്ങാൻ കിടക്കുമ്പോൾ അവൻ ചിന്തിച്ചു. ക്യാമ്പുകളിലേക്ക് എല്ലാം എത്തിച്ചു തരുന്ന മനുഷ്യസ്നേഹികളായ കുറേ മനുഷ്യരും സംഘടനകളും. സ്വന്തം ജീവൻ പണയം വെച്ചും മറ്റുള്ളവരെ രക്ഷിക്കുന്ന രക്ഷപ്രവർത്തകർ, മത്സ്യത്തൊഴിലാളികൾ. ജാതിഭേദമില്ലാതെ ഉയർന്നു വന്ന മനുഷ്യ മനസ്സിലെ സ്നേഹം. എല്ലാം ശരിയാണ്. മനുഷ്യനാണ് ഈശ്വരൻ, ഒരുമയാണ് പെരുമ, ഐക്യമത്യം മഹാബലം. എല്ലാം ശരിയാണ്. ഈ സ്നേഹവും ഒരുമയുമാണ് മറ്റു രാജ്യങ്ങളെപ്പോലും അമ്പരപ്പിച്ചുകൊണ്ട് കേരളത്തെ മുന്നോട്ട് നയിക്കുന്ന ശക്തി. മാനവസ്നേഹത്തിനു മുന്നിൽ ഒരു മഹാദുരന്തത്തിനും പിടിച്ചുനില്ക്കാനാവില്ല.

എല്ലാത്തിനുമൊടുവിൽ അപ്പുവിന്റെ മനസ്സിൽ രണ്ടു വാക്കുകൾ മാത്രം മുഴങ്ങി കേട്ടു. സ്നേഹം,ഒരുമ സ്നേഹം,ഒരുമ. ആ വാക്കുകളുടെ സുഖമനുഭവിച്ചുകൊണ്ട് അവൻ ഉറങ്ങി. അതെ സ്നേഹം ഒരുമ ഇതു തന്നെയാണ് ആ മഹാദുരന്തം നമുക്ക് സമ്മാനിച്ച അതിജീവനത്തിന്റെ പ്രളയപാഠം.

**മേഘ കെ ദിലീപ്**


പി ജി എച്ച് എസ് എസ്

ചേന്ദമംഗലം


പ്രളയാനന്തരം

# *My Mother*

Mommy you are the best
Oh, My mother you help me
When I am in trouble
You are very good
I love my mother
And you also love me
You care me
And give good thoughts
Every day..........
Your blessings save me
Repay it, I can never
You were a precious jewel
Oh mother your love is .........
Deeper than Oceans



# *The Blessings of Nature*

*The dry wetlands, golden grass*
*dry winter....the Summer had made*
*the ponds empty.*
*But when the first Rain drops*
*fell on the earth,on the*
*dry golden grass....like a*
*magic the grass became*
*freshly green........!*
*The Rain began...*
*A wonderful thing as if*
*a fairy had done a*
*magic with the poor.*
*Suddenly a beautiful smile*
*appeared on the face of all.*
*On the face of children,*
*birds, flowers, trees.*
*The frog began to croak,*
*the children began to play*
*Old George began to laugh.*
*But the Sunlight was not*
*hidden by the clouds*
*The fairy had prevented them ,*
*and the Sunlight made*
*the rain drops shine like a ruby.*
*Rainbow, the daughter of*
*God came to see the*
*'That moment' .........*
*The rain had come....*
*The raindrops shining....*



*Abhirami V S*



**കേരളം ഒന്നാകെ പ്രളയദുരന്തത്തിൽ**
**അകപ്പെട്ടപ്പോൾ നമ്മുടെ സ്കൂളും**
**അതിന് സാക്ഷിയായി................**















പി ജി എച്ച് എസ് എസ്

ചേന്ദമംഗലം

പ്രളയാനന്തരം

## പ്രളയാനന്തരം, സുമനസ്സുകളുടെ കൈത്താങ്ങുകളാൽ അതിജീവനത്തിന്റെ പാതയിൽ...............














പി ജി എച്ച് എസ് എസ്

ചേന്ദമംഗലം

പ്രളയാനന്തരം

# കടംകഥകൾ

1. രണ്ടു പെൺകുഞ്ഞുങ്ങൾ സുന്ദരിക്കുട്ടികൾ
   രണ്ടാളുമൊരുമിച്ചേ കരയുകയുള്ളൂ
2. രണ്ടുനീർചാലിനൊരു പാലം
3. കാലൊന്നേയുള്ളുവെങ്കിലും ബഹുദൂരം സഞ്ചരിക്കും
4. കാക്കയും കോഴിയും തിന്നാത്ത വറ്റ്
5. കറിക്കുമുന്നിൽ ഇലക്ക് പിന്നിൽ

**ഉത്തരങ്ങൾ**

1. കണ്ണ്
2. മൂക്ക്
3. തോക്ക്
4. ആമ
5. വറ്റൽ മുളക്

# സുഗന്ധറാണി

മുല്ലപ്പൂവേ മുല്ലപ്പൂവേ
സുഗന്ധറാണി നീയാണോ ?
നിന്നെ തലയിൽ വെച്ച നടക്കാൻ
എനിക്ക് വളരെ ഇഷ്ടം
നിനക്ക് വെള്ളനിറമെന്നോർത്ത്
കരയരുതേ എൻ പൊൻ പൂവേ
നിന്നെ തലയിൽ വെച്ച നടക്കാൻ
എനിക്ക് വളരെ ഇഷ്ടം



നന്ദന
Std: 5

# ശ്രമിക്കുന്നവർക്ക് പരാജയംഉണ്ടാകില്ല

കടലിൽ നിന്നും സൂര്യൻ പൊങ്ങി വന്നു. ആകാശത്തു ചുവന്ന നിറം കാണാൻ തുടങ്ങി . കിളികൾ പാട്ടു പാടാൻ തുടങ്ങി. അപ്പു ഉറങ്ങി എഴുനേറ്റു.ഉറങ്ങി എഴുനേറ്റ് പ്രാർത്ഥിക്കുന്ന ശീലം അപ്പുവിനുണ്ട് പ്രാർത്ഥിച്ചു കഴിഞ്ഞ അവൻ മുറ്റത്തേക്കു ഇറങ്ങി .പച്ചപ്പുല്ലിൽ ഇപ്പോഴും മഞ്ഞുത്തുള്ളികൾ ഉണ്ട് അവൻ അതിലൂടെ നടന്നു. പാവപെട്ട കുടുംബമാണ് അപ്പുവിന്റെ ഒരു ദിവസത്തെ വരുമാന മെന്നത് വിറകു വെട്ടി വിറ്റും പാല് വിറ്റും ആണ്കിട്ടുന്നത്.അപ്പുവിന്റെ അച്ചൻ ഒരു വയസുള്ളപ്പോൾ മരിച്ചു. മുറ്റത്തേക്കു ഇറങ്ങിയപ്പോൾ അവൻ അമ്മയെ കണ്ടു 'അമ്മ മുറ്റം വൃത്തിയാകുകയാണ് അമ്മയോട് കളിക്കാൻ പോകുന്നുവെന്ന് പറഞ്ഞു അവൻ കൂട്ടുകാരന്റെ വീട്ടിലേക് പോയി സമയം ഏഴുമണി ആയിക്കാണും. മജീദ് ആണ് അവന്റെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരൻ. അവർ കുറെ നേരം കളിച്ചു. അവർ സംസാരിക്കുന്നതിനിടയിൽ ഇന്ന് സ്കൂളിൽ സ്പോർട്സ് ആണെന്നും എന്തോ കാര്യത്തിന് സംഭാവന കൊടുക്കണമെന്നും പറഞ്ഞു. അപ്പു തിരിച്ചു വീട്ടിലേക് പോയി സ്കൂളിൽ പോകാൻ തയ്യാറായി. സ്പോർട്സ് ഡേ ആണെന്നും എന്തിനോ സംഭാവന വേണമെന്നും അവൻ അമ്മയോട് പറഞ്ഞില്ല കാരണം സംഭാവനയായിരാൻ അമ്മയുടെ കയ്യിൽ പണമുണ്ടാവില്ല എന്ന് അവനു അറിയാമായിരുന്നു.

സ്കൂളിൽ സ്പോർട്സ് മത്സരങ്ങൾ തുടങ്ങി എല്ലാ കുട്ടികളും ഗ്രൗണ്ടിലേക്കു പോയി പക്ഷെ അപ്പു മാത്രം പോയില്ല ടീച്ചർ അതിലൂടെ കടന്നുപോയപ്പോൾ അപ്പു ക്ലാസ്സിൽ ഇരിക്കുന്നത് കണ്ടു എന്താ ഇവിടെ ഇരിക്കുന്നത് ഗ്രൗണ്ടിൽ പോകുന്നില്ലെ എന്ന് ചോദിച്ചു . അവൻ മറുപടിയൊന്നും പറഞ്ഞില്ല എല്ലാ കുട്ടികളും സംഭാവന തന്നു നീ മാത്രം തന്നില്ലല്ലോ എന്ന് ടീച്ചർ ചോദിച്ചു അപ്പോഴും അവൻ ഒന്നും മിണ്ടിയില്ല ടീച്ചർക്ക് കാര്യം മനസിലായി അവന്റെ കഷ്ടപ്പാടുകൾ ടീച്ചർക്ക് അറിയാമായിരുന്നു ടീച്ചർ കൂടുതലൊന്നും ചോദിക്കാതെ അവനെ നിർബന്ധിച്ചു ഗ്രൗണ്ടിലേക്ക് കൊണ്ടുപോയി. ഓട്ടമത്സരത്തിൽ പങ്കെടുക്കാൻ പറഞ്ഞു പക്ഷെ അവൻ പറഞ്ഞു എനിക്ക് ഓടാൻ കഴിയില്ല സമ്മാനം കിട്ടില്ല എന്നുപറഞ്ഞപ്പോൾ ശ്രമിച്ചാൽ വിജയം ഉണ്ടാകും എന്ന് പറഞ്ഞു ടീച്ചർ അവനെ പ്രോത്സാഹിപ്പിച്ചു അങ്ങനെ അവൻ ആ മത്സരത്തിൽ പങ്കെടുത്തു.

മത്സരത്തിൽ അപ്പു ഓടി ഒന്നാം സ്ഥാനം കരസ്ഥമാക്കി അവൻ ടീച്ചറിനടുത്തേക് ഓടി ചെന്നു. ടീച്ചർ അവനെ അഭിനന്ദിച്ചു.കണ്ടോ ഇപ്പോൾ മനസിലായില്ലേ ശ്രമിച്ചാൽ വിജയം ഉണ്ട് എന്ന് ഇനി മുതൽ എല്ലാ മത്സരങ്ങൾക്കും പങ്കെടുക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.സ്കൂൾ വിട്ടു അവൻ വീട്ടിലേക് പോയി.ഓടി ചെന്ന് അമ്മയോട് കാര്യങ്ങൾ എല്ലാം പറഞ്ഞു അമ്മ ആ മകനെ കെട്ടി പുണർന്നു "പരിശ്രമമാണ് എല്ലാ വിജയത്തിന്റെയും അടിസ്ഥാനം" എന്ന് പറഞ്ഞു ആ അമ്മ മകനെ ചേർത്ത് പിടിച്ചു ഉമ്മ നൽകി.


ദീപിക

പി ജി എച്ച് എസ് എസ്

ചേന്ദമംഗലം

പ്രളയാനന്തരം

# സർഗ്ഗാത്മകതയിൽ
# വിരിഞ്ഞ
# ചിത്രരചനകൾ













പി ജി എച്ച് എസ് എസ്


ചേന്ദമംഗലം

പ്രളയാനന്തരം

# അധ്യാപക ദിനത്തിലെ കുരുന്നുകളുടെ മികവുകൾ








# തൂലിക

പറയാനാകാത്ത ആത്മഹർഷങ്ങളും
പങ്കുവയ്ക്കാനാകാത്ത നൊമ്പരങ്ങളും
ഏറ്റുവാങ്ങുന്നെൻ ആത്മസഖേ!!!
നാളുകൾ നീങ്ങിയാൽ
എൻ മനം മറക്കുമീ നുറുങ്ങുകൾ
നിൻ ഹൃത്തടം ഏറ്റുവാങ്ങുന്നു
ഉണങ്ങിയാലും മായാതെ നിൻ നെഞ്ചകം
നിൻ മാറിൽ എൻ ഹൃദയം
സുവർണ്ണ ലിപികളിൽ പതിയുന്നു
നാളെ ഞാനില്ലേലും എന്തായിരുന്നു ഞാൻ
ഇനി ഞാനുണ്ടെങ്കിൽ ഇത്രയുണ്ടായുള്ളൂ
എന്നെന്നെ ഓർമ്മിപ്പിക്കാൻ!!!
എന്റെ തൂലികേ... നീയെൻ
ആത്മസഖി ജീവിതാന്ത്യം വരെ

കവിത ടീച്ചർ

# ചിത്രകഥ









പി ജി എച്ച് എസ് എസ്

ചേന്ദമംഗലം

പ്രളയാനന്തരം


I will help you to stole the food
I am very hungry Are you give me food from anywhere


There was a hole in to the temple we can go through the hole in to the temple






പി ജി എച്ച് എസ് എസ്

ചേന്ദമംഗലം

പ്രളയാനന്തരം

# നന്ദി

ഡിജിറ്റൽ മാഗസിൻ എന്ന ആശയം നൽകിയവർ , പ്രോത്സാഹനം നൽകിയവർ, അതിനുവേണ്ടി പ്രയത്നിച്ചവർ, പിന്തുണനല്കിയർ, കൂടെ നിന്നവർ ഏവർക്കും      വാക്കുകൾ കൊണ്ട് പറഞ്ഞു തീർക്കാൻ    പറ്റാത്ത നന്ദിയും കടപ്പാടും അറിയിക്കുന്നു.

പ്രാർത്ഥനയോടെ.........................

പി ജി എച്ച് എസ് എസ്

ചേന്ദമംഗലം

പ്രളയാനന്തരം